"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡി.സി.1/79/2023/ തസ്വഭവ (part3)
തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-01-2026

<u>സർക്കുലർ</u>

വിഷയം:- ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനായി കുഴിക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് - സംബന്ധിച്ച്.

**********************

ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെ പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്

**i.**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന ഗ്രാന്റ്/മെയിന്റനസ് ഗ്രാന്റ്/ കേന്ദ്ര ധനകാര്യ കമ്മീഷൻ (CFC) ഗ്രാന്റ് എന്നിവ ഉപയോഗിച്ച് JJM പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുൻകൂർ ആയി ഏറ്റെടുത്തു നടപ്പാക്കേണ്ടതാണ്. ഇപ്രകാരം ചെലവാകുന്ന തുക മൂന്നു മാസത്തിനകം JJM പദ്ധതിയിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

**ii.** JJM പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പട്ടികയും, ഓരോ പഞ്ചായത്തിലും പുനരുദ്ധരിക്കേണ്ട റോഡുകളുടെ നീളവും, അതിനു കണക്കാക്കിയ ചെലവും ഉൾപ്പെടുത്തി ഒരു വിശദമായ പട്ടിക കേരള വാട്ടർ അതോറിറ്റി (KWA) തയ്യാറാക്കി നൽകേണ്ടതാണ്. ഈ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി പങ്കുവെച്ച്, ആവശ്യമായ മുൻകൂർ ധനാവശ്യകത വിലയിരുത്തേണ്ടതാണ്.

**iii.** JJM പദ്ധതിയുടെ ഭാഗമായി കുഴിക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം ആവശ്യമായ എല്ലാ ഗ്രാമപഞ്ചായത്തുകളെയും State Level Nodal Agency (SLNA) മുഖേന അന്തിമ വെൻഡറായി മാപ്പ് ചെയ്യേണ്ടതാണ്.

**iv.** JJM ഫണ്ട് ലഭ്യമാകുന്ന ഘട്ടത്തിൽ, റോഡ് പുനരുദ്ധാരണത്തിനായി

ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക, ചെലവുകളുടെ സർട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ, **KWA** മുഖേന **SLNA** വഴി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ചെലവുകളുടെ സർട്ടിഫിക്കേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ **KWA**-യുടെ മാനേജിംഗ് ഡയറക്ടറും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ചേർന്ന് തീരുമാനിക്കേണ്ടതാണ്.

**v.** **JJM** പദ്ധതിയുടെ ഭാഗമായി **KWA**-യിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ ബില്ലുകളും വൗച്ചറുകളും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റ് ആവശ്യങ്ങൾക്കായി ആയവ സമർപ്പിക്കേണ്ടതുമാണ്.

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I / എഡിറ്റ് II ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ജലവിഭവ വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 27-01-2026 10:30:19
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്